

# വേഴാമ്പൽ പൊയ്കയിലെ കൊച്ചുവർക്കി

വേഴാമ്പൽ പൊയ്ക. പൊക്കിൾകൊടിയിൽനിന്നും വിച്ഛേദിക്കപ്പെട്ട പ്പോൾ കൈകൾ നീട്ടി എന്നെ സ്വീകരിച്ച മറ്റമ്മ. അനലൻകൃതനായ എന്നെ ആദ്യം ദർശിച്ചവൾ. സ്വാതന്ത്ര്യലബ്ദിയിൽ ഹർഷോന്മത്തനായ എന്റെ ആക്രാന്തം ശ്രഹിച്ചവൾ. ബാല്യത്തിലും, യൗവനത്തിലും എന്നെ ഓമനിച്ച, ഞാൻ ഓമനിച്ച കൊച്ചു ഗ്രാമം. വേഴാമ്പലുകളുടെ നിവാസകേന്ദ്രം.

സഹ്യാദ്രി മലനിരക്കുകൾക്കു താഴെ കൂനനെന്നും കുള്ളനെന്നും ഓമന പ്പേരുള്ള രണ്ട് ഇടത്തരം കുന്നുകളുടെ കൈത്തണ്ടുകളിൽ വനദേവതയുടെ ലാളനയേറ്റുകിടന്നിരുന്ന സൗന്ദര്യ റാണി.

വേഴാമ്പൽപൊയ്കയെന്ന പറുദീസ ഇന്നില്ല. കാലത്തിന്റെ കയത്തിൽ ആ സുന്ദരി മുങ്ങി മരിച്ചു. പുരോഗമനത്തിന്റെ ബലിപീഠത്തിൽ അതിന്റെ മനോഹാരിത ആഹൂതിപ്പെട്ടു.

വിധിയുടെ നിർദ്ദയമായ വൈഭവംകൊണ്ടെന്നുവേണം പറയുവാൻ, എന്റെ പ്രിയപ്പെട്ട ഗ്രാമത്തിന്റെ വശ്യത അധികനാൾ ആസ്വദിക്കുവാനുള്ള ഭാഗ്യം എനിക്കുണ്ടായില്ല.

സ്വപ്നങ്ങളുടെ മാറാപ്പുംപേറിയുള്ള പരക്കംപാച്ചിൽ. കൂടുവിട്ട അസ്തി ത്വം. യാതനകൾ നിറഞ്ഞ യാത്രകൾ, ദുർഘടങ്ങളായ പാന്ഥാവുകൾ. കുത്ത നെയുള്ള പടവുകൾ. ഉയർന്ന കടമ്പകൾ.

വെട്ടിപ്പിടിക്കാനുള്ള വ്യഗ്രത. തിരിഞ്ഞുനോക്കാനുള്ള വൈമനസ്യം. നഷ്ടപ്പെടുന്നതിനെപ്പറ്റി അവബോധം ഇല്ലായ്മ.

തിരിയെ ചെല്ലാൻ ഏറെ വൈകി. ജരനരകൾ ബാധിച്ച് മൂകനായി, മൂഢ നായി പ്രതീക്ഷകളോടെ തിരിച്ചുചെന്നപ്പോൾ അമൂല്യമായി കരുതിയിരു ന്നതേറേയും കൈമോശപ്പെട്ടുകഴിഞ്ഞിരുന്നു.

കറയറ്റ ഗ്രാമീണ സൗന്ദര്യം, ജനിച്ച വീട്, ഉറ്റവർ, ഉടയവർ, ജാഡകളി ല്ലാത്ത അയൽക്കാർ. ബാല്യകാല സുഹൃത്തുക്കൾ. അവരിൽ ചിലരുടെ മുഖ

ങ്ങൾ ഇപ്പോഴും മായാതെ – അസ്സനാരുമൊല്ലാക്കയുടെ മകൾ തലയിൽ വെള്ള മുണ്ടിട്ട നബീസ, പൊക്കത്തെ കുറുപ്പദ്ദേഹത്തിന്റെ മകൻ അരവിന്ദൻ, പപ്പട ക്കാരൻ ഗോവിന്ദപ്പൈയുടെ മകൻ നിർമ്മലൻ.

കൂടയണയാനുള്ള തയ്യാറെടുപ്പിലും വേഴാമ്പൽപൊയ്കയുടെ ഗതകാല സ്മരണകൾ എന്റെ ഉള്ളിന്റെ ഉള്ളിൽ ഞാൻ കാത്തുസൂക്ഷിക്കുന്നു. ഭൂത ത്താൻ നിധി സൂക്ഷിക്കുന്നതുപോലെ. മുത്തുച്ചിപ്പി മുത്തു സൂക്ഷിക്കുന്നതു പോലെ.

2

ഗോചരമല്ലാത്ത എന്റെ ആന്തരനേത്രങ്ങൾ മൺമറഞ്ഞുപോയ ദൃശ്യ ങ്ങൾ കാണുന്നു, ആന്തരകർണ്ണങ്ങൾ നിശ്ശബ്ദമായ കലപിലകൾ ശ്രവിക്കുന്നു.

ഇന്നത്തെ എന്റെ സന്തതസഹാചാരി പൂർവ്വാർജിതസ്വത്തായി എനിക്ക് സിദ്ധിച്ച ഒരു ചാരുകസേരയാണ്. മുത്തച്ഛന്റെ അച്ഛനോ, മുത്തച്ഛനോ അദ്ദേഹ ത്തിന്റെ നല്ല കാലത്ത് വീട്ടി തടിയിൽതീർത്തത്. തലമുറകൾ താണ്ടി എന്നിൽ എത്തിയത്. പൂജനീയമായ ഒരു തിരുശേഷിപ്പ്.

ജനനശേഷം ഒരു തരത്തിലുള്ള മിനുക്കുപണികൾക്കും എന്റെ സുഹൃ ത്തിനു വിധേയനാകേണ്ടിവന്നിട്ടില്ല. എന്നാൽ അലങ്കാരങ്ങൾ ഏറെ. എല്ലാം വെറ്റില മുറുക്കു ശീലക്കാരായിരുന്ന എന്റെ പൂർവ്വികന്മാർ വാത്സല്യപൂർവ്വം സമ്മാനിച്ചത്.

കൈകളിലും കാലുകളിലും ചുണ്ണാമ്പുതേച്ച ചൂണ്ടുവിരലുകൊണ്ട് ക്രമ രഹിതമായി ആലേപനംചെയ്ത വെള്ളതോണ്ടലുകൾ. വിരൽ രേഖ കൾപോലും മാഞ്ഞുപോകാതെ. അവയ്ക്കുചുറ്റും രക്തനിറത്തിൽ വട്ടം വട്ട മായി ഉണങ്ങിപറ്റിപ്പിടിച്ചിരിക്കുന്ന ഉമിനീർ തുള്ളികൾ. രശ്മിപാരകമായ തുള്ളികളിൽ ചർവ്വണംചെയ്ത പാക്കിന്റെ അശ്മകം. എല്ലാം അവധാനപൂർവ്വ മെന്നോണം പരിരക്ഷിക്കപ്പെട്ടിരിക്കുന്നു.

പ്രായത്തിൽ മൂപ്പനെങ്കിലും, എന്നെ അലട്ടുന്ന വാർദ്ധക്യസഹജമായ വൈകല്യങ്ങളൊന്നും എന്റെ സുഹൃത്തിനെ ബാധിച്ചിട്ടില്ല. സ്തൂലവസ്തു വിന്റെ മേന്മയും തച്ചന്റെ കൈവിരുതും.

എന്റ കൊച്ചുപുരയുടെ പിന്നാംപുറത്തെ ചാർത്താണ് സുഹൃത്തിന്റേ വാസസ്ഥലം. പ്രതിഷ്ഠ ചാർത്തിന്റെ അരമതിലിനോട് ചേർത്തും.

x x x x x x x

കാലം എന്റെ ലളിതമായ ജീവിതശൈലിക്ക് കാര്യമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. വെളുക്കം മുൻപേ ഉണരും. തലയണക്കീഴിൽ സൂക്ഷിച്ചിരിക്കുന്ന, ചുവന്ന നൂലുകൊണ്ട് കെട്ടിയ ബീഡിക്കെട്ടിൽനിന്ന് ഒരു ബീഡി വലിച്ചെടുക്കും. ബീഡി ചുണ്ടത്തുവച്ചു കത്തിച്ച് ചുരുളുകളായി പുകവിട്ടുകൊണ്ട് പ്രഭാതചര്യ. നേരെ കിഴക്കേകോലായിലേക്ക്. മുട്ടുമടക്കി സൂര്യനുനേരെ തിരിഞ്ഞിരുന്ന് അല്പനേരം സൂര്യനമസ്ക്കാരം.

തുടർന്ന് സങ്കീർണ്ണമായ കാപ്പി അനത്തൽ. അടുക്കളവാതിൽ തുറന്ന് പാചകപ്പടിയിൽ കഴുകി കമത്തിവച്ചിരിക്കുന്ന ഈയം പൂശിയകൊച്ചു ചെമ്പുചരുകത്തിൽ മൂന്ന് കപ്പ് വെള്ളം നിറയ്ക്കും. അതിൽ മൺമറഞ്ഞുപോയ എന്റെ അമ്മയുടെ വാ വലിപ്പമുള്ള ചില്ലുകുപ്പിയിൽനിന്ന് രണ്ടു തുണ്ട് കരിപ്പെട്ടിചക്കര നിക്ഷേപിക്കും. സ്പിരിറ്റൊഴിച്ച് സ്റ്റൗ കത്തിച്ച്, ചരുകം അതിൽവയ്ക്കും. മിശ്രിതം തിളക്കുമ്പോൾ, കഷായത്തിൽ മേൻപൊടി ചേർക്കുംപോലെ രണ്ട് കരണ്ടി കാപ്പിപ്പൊടി. അല്പനേ



രംകൊണ്ട് ചക്കരക്കട്ടൻ തയ്യാർ. പാകമായ കാപ്പി അരിച്ച്, പഴക്കംചെന്ന് തുരുമ്പുപിടിച്ച ഈഗിൾ മാർക്ക് ഫ്ളാസ്കിലാക്കും. ഫ്ളാസ്ക്കും, ഒരു ചില്ലുഗ്ലാസ്സും എന്റെ സുഹൃത്തിനു സമീപം പിന്നാംപുറത്തെ ചാർത്തിന്റെ അരമതിലിന്മേൽ നിക്ഷേപിക്കും.

അവിടെനിന്ന് നേരെ ഉമ്മറത്തേക്ക്. താടി, വലതുകയ്യിൽ താങ്ങി പത്രവിതരണം ചെയ്യുന്ന ബാലന്റെ ഇരുചക്രവാഹനത്തിന്റെ ബെല്ലടിയും പ്രതീക്ഷിച്ച് അല്പസമയം ഉമ്മറപടിയിൽ കുത്തിയിരിക്കും.

കുസൃതിക്കാരനായ ബാലന്റെ സൈക്കിളിന്റെ ബല്ലടി കേൾക്കുമ്പോൾ ഉണരും. ഇടുങ്ങിയ പച്ചചായം പൂശിയ ഗേറ്റിന്റെ അഴികൾക്കുള്ളിൽ മുൻചക്രം കയറ്റി പയ്യൻ വാഹനം നിർത്തും. പുറകോട്ട് തിരിഞ്ഞ്, കാരിയറിൽ പ്ലാസ്റ്റിക് പാളിയിൽ പൊതിഞ്ഞ് സൈക്കിൾ ട്യൂബിന്റെ ബൽട്ടിട്ട് മുറുക്കിയിരിക്കുന്ന പത്രക്കെട്ടിൽനിന്നും ഒരെണ്ണം വലിച്ചെടുത്ത് ചാട്ടുളിയുടെ ആകൃതിയിൽ മടക്കി എന്റേ നേരെ ചാണ്ടും. പത്രം ഉന്നംതെറ്റാതെ എന്റെ മടിയിൽ.

പത്രം എടുത്ത് കക്ഷത്തിൽ തിരുകി പിന്നാംപുറത്തേക്ക്. അവിടെ ഉത്തരത്തിനു മുകളിൽ സൂക്ഷിച്ചിരിക്കുന്ന നേർത്ത വെള്ളിക്കമ്പികൊണ്ടുള്ള അപ്പൂപ്പൻ കണ്ണാടി മൂക്കിന്മേൽ പ്രതിഷ്ടിക്കും. എന്നിട്ട് സാവധാനം സുഹൃത്തിന്റെ മടിയിൽ ഇരുപ്പുറപ്പിക്കും. അവിടെയിരുന്ന് ചക്കരകാപ്പി ചില്ലുഗ്ലാസിൽ പകർന്ന് അല്പാനം ചെയ്തുകൊണ്ട് പത്രവാർത്തകൾ ഒന്നൊന്നായി വായിച്ചുതീർക്കും.

പത്രവായന കഴിഞ്ഞ്, പുറകോട്ട് മലർന്ന്, കാലുകൾ രണ്ടും സുഹൃത്തിന്റെ കൈകളിൽ കയറ്റിവച്ച് നിർവ്വികാരനായി വിദൂരതയിലുള്ള തോടിന്റെ നിശബ്ദമായ നീരൊഴുക്കിൽ കണ്ണുംനട്ട് കിടക്കും. അല്പസമയംകൊണ്ട് അർദ്ധ നിദ്രയിലാകും.

അപ്പോൾ ഓർമ്മകൾ സൂക്ഷിച്ചിരിക്കുന്ന അറയുടെ വാതായനം മെല്ലെ തുറക്കപ്പെടും. അറയ്ക്കുള്ളിൽ ഒരിക്കലും പ്രകാശംകെടാത്ത മെഴുതിരി നാളങ്ങൾപോലെ ഓർമ്മകൾ നിറദീപങ്ങളാകും. അവയിൽ കുന്തിരിക്കത്തിന്റെ ധൂമങ്ങളിലെന്നപോലെ സുഗന്ധം നിറയും. നിമിഷനേരംകൊണ്ട്, സ്വപ്നസമാനമായ ബാല്യകാല ദൃശ്യങ്ങൾ സ്മൃതിപഥത്തിൽ എത്തും. നിഷ്ക്കളങ്കരായ ഗ്രാമവാസികളുടെ ദർശനമുണ്ടാകും. അവരുടെ കഥകൾ എന്റെ മനസ്സിനെ തട്ടി ഉണർത്തും. തുടർന്ന് ആ നിഷ്ക്കളങ്ക ഗ്രാമത്തിന്റെ വേറിട്ട കാഴ്ചകളം, മധുര സ്മരണകളും പ്രതിസ്പന്ദനമുള്ളവയാകും.

x x x x x x x

ഗ്രാമത്തിന്റെ ഇരു പാർശങ്ങളിലുമുള്ള കുന്നുകളുടെ നെറുകയിൽ നിദ്രയിലാണ്ടു കിടന്നിരുന്ന കരിമ്പാറകൂട്ടങ്ങൾ. മഴക്കാലത്ത് അവ പച്ചപായലിൽ ആവൃതമാകുന്നത്. പാറക്കെട്ടുകളിൽ തലവച്ച് പട്ടുപാവാടകൾ ഉടുത്ത് താഴോട്ട് ചരിഞ്ഞു



കിടന്നിരുന്ന രണ്ട് കുന്നിൻ ചരിവുകൾ. പാറക്കെട്ടുകൾക്കു താഴെ തഴച്ചുവളരുന്ന തേക്കിൻ മരങ്ങളും, മുളക്കൂട്ടങ്ങളും, ഈറ്റ പടലുകളും അവയ്ക്കിടയിൽ പൂത്തുലഞ്ഞു നിൽക്കുന്ന കാട്ടുചെത്തിക്കുറ്റികൾ. അങ്ങിങ്ങായി കലകലംപേശുന്ന കാട്ടാറുകൾ. ഉരുണ്ട വെള്ളാറൻ കല്ലുകളെ തട്ടി, തുളുമ്പി, ത്രസിക്കുന്ന കൊച്ചുകൊച്ചു ജലപാതകൾ.

താഴെ കയ്യാലകെട്ടി സംരക്ഷിക്കപ്പെട്ട തൊടികൾ. തൊടികളിൽ സമൃദ്ധമായി വളരുന്ന മലയോര വിഭവങ്ങൾ – കപ്പ, കാച്ചിൽ ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, വെണ്ട, പാവൽ, പടവലം. മുരിക്കിൻകുറ്റികളിൽ പടർന്ന് പന്തലിച്ച് കിടക്കുന്ന കുരുമുളകു വള്ളികൾ. വിഭവങ്ങൾക്കു ചുറ്റിനുമുള്ള കയ്യാലകൾക്ക് മുകളിൽ വടിവാളിന്റെ ആകൃതിയിലുള്ള ഇലകളുമായി കാവൽക്കാരെ പോലെ നിൽക്കുന്ന രാമച്ചവും ഇഞ്ചിപുല്ലും.

തൊടികൾക്കു കീഴെ വിശാലമായ പൂക്കണ്ണി പാടങ്ങൾ. അവയിൽ അങ്ങിങ്ങായി ചെറുതെങ്കിലും അഴകുള്ള തൂവെള്ള പൂക്കളും കൈകളിലേന്തി പ്രകൃതിയുടെ സൃഷ്ടിയിലുള്ള കൈവിരുത് വിളംബരം ചെയ്തുകൊണ്ട് ലജ്ജ

ലേശമില്ലാതെ മദിച്ചുനിൽക്കുന്ന തുമ്പ തരുണീമണികൾ. തുമ്പചെടികൾക്ക് ചുറ്റിനും കുറുന്തോട്ടി, തഴുതാമ, മുയൽചെവി, പർപ്പിടകപുല്ല്, കറുക, മുത്തങ്ങ മുതലായ ഔഷധ ചെടികൾ.

എവിടെയും കൊച്ചുകൊച്ചു കുന്നുകളും കുഴികളും. വെട്ടുവഴികളും സർക്കാർ വഴികളുമില്ല. ഇരുചക്ര വാഹനങ്ങളും നാൽചക്ര വാഹനങ്ങളുമില്ല. ആൾക്കൂട്ടവും ആരവുമില്ല. മുള്ളുവേലികളാൽ വലയം ചെയ്തിരിക്കുന്ന തൊടികൾക്കിടയിൽക്കൂടി കുന്നുകളെയും കുഴികളെയും തട്ടി മുട്ടി ഇഴഞ്ഞു നീങ്ങുന്ന ഇടവഴികൾ. വേലികളിൽ പടർന്നുകിടക്കുന്ന വള്ളിച്ചെടികൾ. ഒരു വശത്ത് അരുണാഭമായ കല്ലുകൾവച്ച വട്ടക്കാതിപ്പൂപോലുള്ള പൂക്കളുള്ള മൂക്കുത്തി ചെടികൾ. മറുവശത്ത് കടുംമഞ്ഞ നിറത്തിൽ കോമളാങ്കികളായ പൂക്കളുള്ള കോളാമ്പി ചെടികൾ.

ഇടവഴികളിൽക്കൂടി കളിച്ചും, ചിരിച്ചും, തമ്മിലടിച്ചും, കൂകിവിളിച്ചും നട ക്കുന്ന കോണകങ്ങളുടുത്ത ആൺകുട്ടികളും, പെറ്റിക്കോട്ടിട്ട പെൺകുട്ടികളും. താഴെ മുണ്ടക കൃഷി ഇറക്കുന്നതിന് ചെളിതേച്ച് പാകപ്പെടുത്തിയ വരമ്പുക ളിൽ തൊപ്പിക്കുട ചൂടി, പാദരക്ഷ കൂടാതെ ചെളിവെള്ളത്തിൽ കാലിട്ടിളക്കി, കൈകളിൽ സ്ലേറ്റും മഷിത്തണ്ടും പിടിച്ച് ചങ്ങാത്തംകൂടി നടന്നുപോകുന്ന മുതിർന്ന കുട്ടികൾ.

ഇടവഴികൾക്കിരുവശത്തും വെട്ടുകല്ലിൽ പണുത്, പനയോല മേഞ്ഞ കൊച്ചുകൊച്ചു വീടുകൾ. ഇടയ്ക്കു ഒന്നോ രണ്ടോ ഓട് മേഞ്ഞത്.

ആ കൊച്ചു വീടുകളിൽ താമസിച്ചിരുന്ന നിഷ്ക്കളങ്കതയിൽ തീവ്രമായ ആത്മബന്ധം കാത്തുസൂക്ഷിച്ചിരുന്ന ഗ്രാമീണർ. ഭൂതങ്ങളെയും പ്രേതങ്ങ ളെയും ഭയന്നിരുന്ന അവരുടെ കുട്ടികൾ.



സന്ധ്യയായാൽ ഉമ്മറത്ത് ചമ്പ്രംപടിഞ്ഞിരുന്ന് കുത്തുവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ നാമം ചൊല്ലുന്ന മുത്തശ്ശിമാർ. പിൻപുറത്തെ ചാർത്തിൽനിന്നും ചീനി വേവുന്ന മണം.

കൂരിരുട്ടുള്ള രാത്രികളിൽ, ആടി ഉലയുന്ന തെങ്ങിൻ തൈകളുടെയും, അടക്കാമര തൈകളുടെയും ഇടയിൽ ചലിക്കുന്ന ദീപമാലകൾപോലെ മിന്നാം മിനുങ്ങുകൾ മിന്നുന്നത്.

ഇടവഴികൾ അവസാനിച്ചിരുന്നത് വീതികൂടിയ തോട്ടിൻകരകളിലാണ്. തോട്ടിൻകരകളിൽകൂടി താഴോട്ടു നടന്നാൽ പാറക്കെട്ടുകളിൽ തട്ടി തെറിപ്പിച്ചു കൊണ്ട് ഇരമ്പി ഒഴുകുന്ന കാളിയാറിന്റെ കര. അവിടെ നിന്നാൽ വൈകുന്നേ

രങ്ങളിൽ കുട്ടികൾ കൂട്ടംകൂട്ടമായി വന്ന് ആഴമുള്ള കയങ്ങളിൽ ചാടിമറിഞ്ഞ്, വെള്ളം തെറുപ്പിച്ച് കൂത്താടുന്ന കാഴ്ച.

മഴക്കാലം തുടങ്ങിയാൽ കരകവിഞ്ഞൊഴുകുന്ന തോട്ടിൻകരകളിൽകൂടി തോളിൽ കലപ്പയും കൈയ്യിൽ പിരിയൻ പാണൽ വടിയുമായി കന്നുകാലികളുടെ പിറകെ പോകുന്ന ഉഴവുകാർ.

ഗ്രാമത്തിന്റെ ഏതാണ്ട് മദ്ധ്യത്തിലായി വെള്ളതേയ്ക്കാത്ത നാലു മുറികളും മുൻവശത്ത് നീണ്ട വരാന്തയും ഉള്ള ഓടുമേഞ്ഞ കുടിപ്പള്ളിക്കൂടം. അതിനു മുൻപിൽ ചട്ടൻ കുഞ്ഞാപ്പിയുടെ ചായക്കട. ചട്ടന്റെ അലമാരിയിൽ ഇടയ്ക്ക് തേങ്ങാപീരയിട്ട് നുറുക്കുകളായി പുഴുങ്ങിയെടുത്ത് മുറത്തിൽ നിരത്തിവച്ചിരിക്കുന്ന ആവി പറക്കുന്ന കപ്പപ്പുട്ട്. ഒരു വശം ചില്ലിട്ട മണ്ണെണ്ണപ്പാട്ട നിറച്ച് നിർമ്മലാനന്ദന്റെ അമ്മ രാജമ്മയുടെ പപ്പടം പൊരിച്ചത്.

ഇരുവശത്തുമുള്ള തോടുകളുടെ നടുവിൽ കണ്ടം കണ്ടമായി തിരിച്ച് താഴോട്ട് ചരിഞ്ഞ് ആറ്റുവക്കത്തുവരെ എത്തുന്ന നെല്പാടങ്ങൾ. അവയിൽ മുണ്ടകകൃഷി ഇറക്കുന്ന സമയത്ത് പല വർണ്ണങ്ങളുള്ള കള്ളി മുണ്ടുകളും റൗക്കകളും തലയിൽ തോർത്തുമുണ്ടുകളുമായി വരിവരിയായിനിന്ന് ഞാറു നടുന്ന ഗ്രാമീണ കന്യകമാർ.

കൊയത്തു കഴിയുമ്പോൾ മേയാനെത്തുന്ന കന്നിൻകൂട്ടങ്ങൾ. അക്കൂട്ടത്തിൽ എന്റെ അമ്മയുടെ ഓമനപുത്രി വെള്ളമേനിയിൽ ഡാൾമേഷൻ നായ്ക്കളുടേതെന്നപോലെ കറുത്ത പുള്ളികളുള്ള ചെനപിടിക്കാൻ പ്രായമായ അഴകിനിന്ന് അമറുന്നത്. ചെവിക്കുതാഴെ മണികളുള്ള ആട്ടിൻപറ്റങ്ങളും തുള്ളി ത്രസിച്ചു രസിക്കുന്ന കുഞ്ഞാടുകളും. എല്ലാവർക്കും അകമ്പടിയായി ഞണ്ടുകളെയും, ഞവണികളെയും ഉള്ളിലാക്കാൻ ഉന്നംവച്ച് കൊത്തികൊത്തി നടക്കുന്ന കൊക്കിൻ പറ്റങ്ങൾ.

വേഴാമ്പൽ പൊയ്കയെ ചുറ്റിപ്പറ്റി പറഞ്ഞുകേട്ടിരുന്ന വിജയിച്ചതും, പരാജയപ്പെട്ടതുമായ പ്രേമകഥകൾ.

## 6

നെല്പാടങ്ങളുടെ ഏകദേശം നടുവിലായി വലതുവശത്തെ തോട്ടിൽ ഉണ്ടായിരുന്ന വലിയ കയം. ഊമവിഴുങ്ങികയം എന്ന പേരിലാണ് ആ കയം അറിയപ്പെട്ടിരുന്നത്. അത് അന്ധവിശ്വാസങ്ങളുടെയും, യക്ഷിക്കഥകളുടെയും ശിരാകേന്ദ്രമായിരുന്നു. കാരണമില്ലാതല്ല. അതിൽ ആ ഗ്രാമത്തിലെ എക്കാലത്തേയും അതിസുന്ദരിയും ഊമയുമായിരുന്ന ഒരു യൗവനക്കാരി മുങ്ങിമരിച്ചി

ട്ടുണ്ടായിരുന്നുപോലും. അവളെ കൊന്തൻ പല്ലുള്ള ഒരു യക്ഷി കഴുത്തിൽ പല്ലുകൾ താഴ്തി രക്തം ഊറ്റികുടിച്ചശേഷം വെള്ളത്തിൽ താഴ്ത്തിയെന്നാണ് വിശ്വാസം. അതുകൊണ്ട് നാൽക്കാലികൾ വെള്ളം കുടിക്കാൻപോലും ആ കയത്തെ സമീപിക്കില്ലായിരുന്നു.

ഊമ വിഴുങ്ങി കയത്തിനു മുകളിൽ അല്പം ദൂരെയായി ഇടതൂർന്നു നിൽക്കുന്ന മുളക്കൂട്ടം. അതിന്റെ ചുവട്ടിൽനിന്നു ഊമവിഴുങ്ങികയത്തിലേ ക്കുള്ള ചെറു തോട്. ആ തോടിന്റെ അറ്റത്ത് നല്ല വേനലിൽപോലും ഉണ ങ്ങാത്ത ഉറവ. ആ ഉറവിൽനിന്ന് തോട്ടിൽകൂടി ഒഴുകി വെള്ളം ഊമ വിഴുങ്ങി കയത്തിൽ പതിക്കുന്നത്.

മുളക്കൂട്ടത്തിനു ചുറ്റുമുണ്ടായിരുന്ന മാളങ്ങൾ. അവയിൽ വസിച്ചിരുന്ന ഉഗ്രവിഷമുള്ള നാഗങ്ങൾ. കാറ്റുമുളക്കൂട്ടത്തിൽ ചൂളം വിളിക്കുമ്പോൾ തല പുറത്തിട്ട് മുഖകണ്ണാടിയുടെ അടയാളമുള്ള പത്തിവിടർത്തി എട്ടടി മൂർഖന്മാർ നിന്നാടുന്നത്. അവയെ ഭയന്ന് മുളക്കൂട്ടത്തിൽനിന്നു മുളകളോ മുള്ളോ ആരും വെട്ടാതിരുന്നത്.

x x x x x x x

ആ ഗ്രാമത്തിലെ ഏറ്റവും പ്രിയങ്കരനായിരുന്ന മധ്യവയസ്ക്കനായ കൊച്ചുവർക്കി ചേട്ടൻ. കൊച്ചുവർക്കിയുടെ സിനിമാ കഥകളെ വെല്ലുന്ന ജീവിത കഥ. അൻപത്തി രണ്ടു വർഷം ഗ്രാമത്തിനുവേണ്ടി കാഴ്ചവച്ച ജീവി തം.

കാര്യമായ ആസ്തികളൊന്നുമില്ലാതിരുന്ന കൊച്ചുവർക്കിയെ ആ ഗ്രാമ ത്തിലുള്ളവർ ഒന്നടങ്കം സ്നേഹിച്ചിരുന്നത്.

ജനനമായി കിട്ടിയ കൈവിരുതും, ആത്മ വിശ്വാസവുമായിരുന്നു കൊച്ചുവർക്കിയുടെ മുതൽക്കൂട്ട്.

കൊച്ചുവർക്കിയുടെ മുന്നിലും പുറകിലും ചാർത്തോടുകൂടി രണ്ടു മുറി കൾ മാത്രം ഉണ്ടായിരുന്ന കൊച്ചുവീട്.

പിന്നാംപുറത്തെ ചാർത്ത് രണ്ടായി തിരിച്ച് മുറികളാക്കിയിരുന്നത്. ഒരു വശത്ത് അടുക്കള, മറുവശത്ത് കൊച്ചുവർക്കിയുടെ ആയുധപുര. അതിൽ സൂക്ഷിച്ചിരുന്ന കലപ്പ, നൊകം, തൂമ്പ, കൊത്തി, വെട്ടുകത്തി, അരുവാൾ മുത ലായ പണിയായുധങ്ങളും, കുത്തുവല, കോരുവല, കൂട്, ഒറ്റൽ, ചൂണ്ട മുത ലായ മീൻ പിടിക്കാനുള്ള ഉപകരണങ്ങളും..

കൊച്ചുവർക്കി ഒരു നല്ല സാഹസികനായിരുന്നു. ധൈര്യശാലി. കിണ റ്റിൽ ഇറങ്ങും. മറ്റാരും കയറാത്ത തെങ്ങുകളിൽ കയറും, പുര മേയുമ്പോൾ ഏറ്റവും ഉച്ചിയിൽ കയറും, പാമ്പിനെ പിടിക്കും, കാളപ്പോരു നടത്തി സമ്മാനം മേടിക്കും. അങ്ങനെ സാധാരക്കാർ മടിച്ചുപോകുന്ന പല കാര്യങ്ങളും കൊച്ചു വർക്കി നിഷ്പ്രയാസം ചെയ്യുമായിരുന്നു. അതുകൊണ്ട് മദ്ധ്യവയസ്ക്കനായ കൊച്ചുവർക്കിയെ ചോരതിളപ്പുള്ള ചെറുപ്പക്കാർപോലും ആദരിച്ചുപോന്നിരു ന്നു.

എന്തുജോലി ചെയ്താലും അത് തിളക്കത്തോടെ ചെയ്തു തീർക്കാ നുള്ള കഴിവ് കൊച്ചുവർക്കിക്കുണ്ടായിരുന്നതുപോലെ മറ്റാർക്കുമുണ്ടായിരുന്നി ല്ല.

കൂലിക്ക് കണക്കുപറയുന്ന സ്വഭാവം കൊച്ചുവർക്കിക്കില്ലായിരുന്നു. കൊച്ചുവർക്കിയുടെ ധനതത്വശാസ്ത്രസംഹിതയിൽ, കൊടുക്കുന്ന കൂലി, ജോലി ചെയ്യിച്ചിരുന്ന ആളിന്റെ കഴിവിനെ ആസ്പദമാക്കിയായിരിക്കണമെന്നാ യിരുന്നു.

ഗൗരവക്കാരനായ കൊച്ചുവർക്കിയുടെ ആരെയും ചിരിപ്പിക്കുന്ന വർത്ത മാന ഭാവങ്ങളും, ശൈലിയും. ആ വായിൽനിന്ന് ചിലപ്പോൾ ഉത്ഭവിച്ചിരുന്ന വാക്കുകൾ കേൾവിക്കാരന്റെ ഉള്ളം കൊളുത്തിവലിച്ചിരുന്നത്. എന്നാൽ പിണ ങ്ങിയ മുഖമോ, വികാരാവേശത്താൽ കലങ്ങിയ കണ്ണുകളോ ആരും കണ്ടിട്ടി ല്ലാത്തതും..

അനേക വികാരവിചാരങ്ങൾ പ്രതിബിംബിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമ യായിരുന്നു കൊച്ചുവർക്കി. വിശാലമായ ഹൃദയൻ, സഹജീവികളോട് ഉള്ള ഴിഞ്ഞ അനുകമ്പയും സ്നേഹവും പ്രകൃതിയെപ്പറ്റി നല്ല അറിവ്. കൃഷിക്കാര്യ ങ്ങളിൽ വിദഗ്ദൻ. എന്നാൽ നാടുവാഴിയോ, പഞ്ചായത്ത് പ്രസിഡന്റോ ഒന്നു മായിരുന്നില്ല.

കൊച്ചുവർക്കി, ഭാര്യ കൊച്ചന്നാമ്മയെ ജീവനുതുല്യം സ്നേഹിച്ചിരുന്നു. കൊച്ചന്നാമ്മ തിരിച്ചും. അവരുടേത് ഒരു പ്രേമ വിവാഹമായിരുന്നെങ്കിലും മാതാപിതാക്കളുടേയും നാട്ടുകാരുടേയും അനുഗ്രഹാശിസുകളോടെയാണ് അവർ ഒരുമിച്ചത്. കൊച്ചന്നാമ അതീവ സുന്ദരിയായിരുന്നു. വെള്ളാമ്പൽമുട്ടു കൾപോലുള്ള കവിൾത്തടങ്ങൾ. പ്രേമഗാനങ്ങൾ ആലപിക്കുന്ന മാൻപേട കണ്ണുകൾ. സുന്ദരിയും നല്ലവളുമായ കൊച്ചന്നാമ്മയെ സ്നേഹിച്ച്, സ്നേഹിച്ച് ജീവിതം അവസാനിപ്പിക്കണമെന്ന ഒരേയൊരു ചിന്തയുമായി ജീവിതം തള്ളി നീക്കിക്കൊണ്ടിരുന്ന കൊച്ചുവർക്കി. സമയത്തിന്റെ പൂർണ്ണതയിൽ സന്തുഷ്ട

മായ അവരുടെ ദാമ്പത്യത്തിനു പൂവണിയുന്നത്. കൊച്ചുതോമയെന്നു പേരിട്ട അവരുടെ കന്നിപുത്രന്റെ വരവ് ആ ഗ്രാമം മുഴുവൻ ഉത്സമായി ആഘോഷിച്ച ത്. ഇടത്തരം വലിപ്പമുള്ള ഒരു മൂരിക്കിടാവിനെ കശാപ്പ് ചെയ്താണ് അവർ സദ്യ ഒരുക്കിയത്. അത്രയ്ക്കു പ്രിയങ്കരനായിരുന്നു കൊച്ചുവർക്കി.

ആർക്കും എന്തു സഹായവും ചെയ്തുകൊടുക്കും. ഇടവപ്പാതിക്കു മുൻപ് പുര മേയാൻ സഹായിക്കും. കൊയ്ത്തു സമയത്ത് കറ്റ ചുമക്കും. വിരുപ്പിന് നിലം ഉഴുത് മറിച്ചാൽ പുളിങ്കൊമ്പുകൊണ്ട് കട്ടതല്ലും. കല്യാണ ഒരു ക്കങ്ങൾക്കും മരണാ



വശ്യങ്ങൾക്കും കൊച്ചുവർക്കി മുന്നിലുണ്ടാകും. മേൻപൊടിയില്ലാത്ത് കഷായ മില്ലെന്നു പറയുന്നതുപോലെ കൊച്ചുവർക്കിയുടെ സാന്നിദ്ധ്യമില്ലാത്ത ഒരു കാര്യവും ആ ഗ്രാമത്തിൽ നടന്നിരുന്നില്ല.

ഏറെ താമസിയാതെ കൊച്ചുവർക്കി – കൊച്ചന്നാമ്മ ദമ്പതികൾക്ക് റോസാപ്പു പോലുള്ള ഒരു പുത്രി ജനിക്കുന്നത്. കൊച്ചുറോസ എന്ന് അവർ ഓമനപുത്രിക്ക് പേരിടുന്നത്. അങ്ങനെ ആ കൊച്ചു കുടുംബം സന്തോഷ ത്തിന്റെ പൂർണ്ണതയിലാകുന്നത്.

കുട്ടികൾ കൊച്ചുവർക്കിക്കും, കൊച്ചന്നാമയ്ക്കും ജീവിൻന്റെ ജീവൻ ആയിരുന്നു. കൊച്ചുതോമയെ തോളത്തുവച്ച് കൊച്ചുവർക്കി ആഴമുള്ള തോട് കടക്കുന്നത് ആളുകൾ നോക്കി നിൽക്കുമായിരുന്നു. കൊച്ചുവർക്കി ഭാര്യ യേയും മക്കളെയും മാത്രമല്ല, ആ ഗ്രാമത്തിലെ എല്ലാവരേയും സ്നേഹിച്ചിരു ന്നു.

x x x x x x x

ഇടവപ്പാതി എന്ന ആണ്ടുത്സവം വേഴാമ്പൽ പൊയ്കക്ക് മകരത്തിലെ മുണ്ടക കൊയ്ത്തുപോലെ ഹരമായിരുന്നു. മലമുകളിൽനന്നു ആരവവും മുഴക്കി ഇരമ്പിവരുന്ന മഴയുടെ താളവ്യന്യാസങ്ങൾ കൊച്ചുകുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ ആസ്വാദ്യമായിരുന്നു. ഉണങ്ങിവരണ്ട തോടുക ളും, കാട്ടാറുകളും, കുഴികളും, കിണറുകളും നിറയുന്നതും കരകവിഞ്ഞൊഴു കുന്നതും കണ്ടുനിൽക്കുവാൻ കൗതുകമായിരുന്നു.

ഇടവപ്പാതിയുടെ ആഗമനം വേഴാമ്പൽ പൊയ്കക്കാർക്ക് മത്സ്യബന്ധി കൾക്ക് ചാകരപോലെ ആയിരുന്നു. ദൂരത്തെവിടെനിന്നോ വരുന്ന മത്സ്യങ്ങൾ കാളിയാറിന്റെ ചാട്ടവും മറിച്ചിലും വകവയ്ക്കാതെ കയറിവന്ന് നെൽപ്പാട

ത്തിന് ഇരുവശമുള്ള തോടുകളിൽക്കൂടി ചാടി കയറിവരുന്നതും, നല്ല വലിപ്പമുള്ള ചിലത് ഊമൻവിഴുങ്ങി കയത്തിൽ പതിക്കുന്നതും കണ്ട് കോരിത്തരിച്ചു നിന്നിരുന്നത്.. ഊത്ത പിടിക്കാൻ കുട്ടികളും, മുതിർന്നവരും, ഒറ്റലും, കുത്തുവലയും, കോരുവലയും, കൂടകളും, റാന്തൽ വിളക്കുകളുമായി തോടരുകിലേക്ക് ഓടുന്നതും, പിടിച്ച മീനുകളെ കോർമ്പകളിൽ കോർക്കുന്നതും, കുടങ്ങളിലാക്കുന്നതും എല്ലാം രസകരമായ കാഴ്ചകളായിരുന്നു.

വാള, തൂളി, ചെമ്പല്ലി മുതലായ മുഴുത്ത മീനുകൾ ചാടി വീണിരുന്നത് ഊമവിഴുങ്ങി കയത്തിലായിരുന്നു. അവിടെ വല വയ്ക്കുവാൻ കൊച്ചുവർക്കിക്കു മാത്രമേ ധൈര്യമുണ്ടായിരുന്നുള്ളു. ഏറ്റവും അധികം ഊത്ത പിടിക്കുന്നത് കൊച്ചുവർക്കിയുമായിരുന്നു. വിശാല മനസ്ക്കനായ കൊച്ചുവർക്കി കിട്ടുന്ന മീൻ എല്ലാവരുമായി പങ്കുവയ്ക്കുമായിരുന്നു. പിന്നെ ഒന്നുരണ്ടു ദിവസത്തേക്ക് ചില ആഫ്രി



ക്കൻ രാജ്യങ്ങളിലെ കൂൺ ഉത്സവവും, കാച്ചിൽ ഉത്സവവും, വെട്ടുകിളി ഉത്സവവുമൊക്കെപോലെ വേഴാമ്പൽ പൊയ്കക്കാർക്ക് ഊത്തമീൻ ഉത്സവമായിരുന്നു.

x x x x x x x

എന്റെ പന്ത്രണ്ടാം പിറന്നാളിന് രണ്ടു ദിവസം മുൻപാണ് കൊച്ചുവർക്കി –കൊച്ചന്നാമ്മ ദമ്പതികളുടെ ലളിതമെങ്കിലും ആഹ്ലാദകരവും ആനന്ദകരവുമായിരുന്ന ജീവിതത്തിന് തിരുശീല വീഴുന്നത്.

ആ വർഷം ഇടവപ്പാതി സാധാരണത്തേതിലും നേരത്തെ എത്തി. അന്നു കൊച്ചുവർക്കി കുറച്ചകലെയുള്ള ഒരു സുഹൃത്തിന്റെ പുരമേച്ചിലിൽ സഹായിക്കാൻ പോയിട്ട് തിരിച്ചുവന്നത് ഏറെ വൈകിയാണ്. ഉച്ചയ്ക്ക് തുടങ്ങിയ ചാറ്റൽമഴ വൈകീട്ടായപ്പോഴേക്കും ശക്തി പ്രാപിച്ചിരുന്നു. പ്രകൃതി വിദഗ്തനായ കൊച്ചുവർക്കി ചവിട്ടുകല്ലിൽ ഇറങ്ങിനിന്ന് കിഴക്കേ ആകാശത്തേക്ക് നോക്കി മകനെ വിളിച്ചുപറഞ്ഞു, ''മോനെ, കൊച്ചുതോമ, ഇടവപ്പാതി എത്തിയെടാ. അങ്ങു കിഴക്കോട്ടു നോക്കിക്കെ, കറുത്തിരുണ്ട കാട്ടാനകൂട്ടങ്ങളെപോലെ കാർമേഘങ്ങൾ ഉരുണ്ടുകുടുന്നത്'. കൊച്ചുതോമ ചവിട്ടുകല്ലിൽ ഇറങ്ങിനിന്ന് ആകാശത്തേക്ക് നോക്കി അപ്പച്ചൻ പറഞ്ഞതു ശരിവച്ചു.

ആയുധപുരയിൽ സൂക്ഷിച്ചിരുന്ന ഊത്ത പിടിക്കാനുള്ള വീശുവല, കുത്തുവല, കൂട്, ഒറ്റാൽ മുതലായതെല്ലാം എടുത്തുനോക്കിയിട്ട് മാസങ്ങൾ കഴിഞ്ഞിരുന്നു. ദിവസേന ഉമ്മറത്ത് ഓട്ടുവിളക്കിന്റെ വെളിച്ചത്തിലിരുന്ന് കുടുംബസമേതം കൊന്തചൊല്ലുന്ന കൊച്ചുവർക്കി, കർത്താവിന്റെ മാലാഖ ചൊല്ലിക്കഴിഞ്ഞ് ഭാര്യയേയും മക്കളേയും കൊന്തചൊല്ലാൻ ഏൽപ്പിച്ചിട്ട് റാന്തൽ വിളക്കുമായി ആയുധപുരയിൽ കയറി വലയും കൂടുമെല്ലാം നന്നാക്കുന്ന ജോലിയിലേർപ്പെട്ടു. കൊന്തചൊല്ലിക്കഴിഞ്ഞ് കൊച്ചന്നാമ്മ അത്താഴം ഒരുക്കാൻ അടുക്കളയിലേക്കു പോയി.

മൺകലത്തിൽ പുഴുങ്ങാൻ വച്ചിരുന്ന ചെണ്ടമുറിയൻ ചിനി അപ്പോഴേക്കും വെന്തു പൊട്ടി മലരുപോലെ വിടർന്നിരുന്നു. കലത്തിലെ വെള്ളം മുഴുവൻ പറ്റിയിരുന്നെങ്കിലും സമയത്തിനു ചെന്നതുകൊണ്ട് അടിക്കു പിടിച്ചിരുന്നില്ല. പാകമായ കപ്പ ചട്ടിയിലാക്കിയിട്ട് ഒരുകൈ ചുവന്നുള്ളിയും, കുറച്ച് ഉണക്കമുളകും തീക്കനലിൽ ചുട്ടെടുത്തു. അതും കല്ലുപ്പും ഒരു കൊച്ചു കിണ്ണത്തിലാക്കി മുട്ടവിളക്ക് കത്തിച്ച് ചാർത്തിന്റെ പുറത്തേക്കുള്ള വാതിലിനടുത്ത് സ്ഥാപിച്ചിരുന്ന അരകല്ലു കഴുകി വൃത്തിയാക്കി മുളക് ചമ്മന്തി അരക്കാൻ തുടങ്ങി.

## 10

കൊന്ത ചൊല്ലിക്കഴിഞ്ഞ്, അത്താഴം ശരിയാകുന്നതുവരെയുള്ള സമയം കൊല്ലുന്നതിന് കൊച്ചുതോമയും, കൊച്ചുറോസയും കടംകഥകൾ പറയാൻ തുടങ്ങി.

കൊച്ചുറോസ : ഞെട്ടില്ല, വട്ടയില

കൊച്ചുതോമ : പപ്പടം

കൊച്ചുതോമ :മിറ്റത്തെ ചെപ്പിനടപ്പില്ല

കൊച്ചുറോസ :കിണർ

കൊച്ചുറോസ : അമ്മ കറുത്തത്, മോള് വെളുത്തത്, മോക്കടെ മോള് സുന്ദരി

കൊച്ചുതോമ : താളി

കൊച്ചുതോമ : മുറംപോലൊരു വിശറി

കൊച്ചുറോസ : ആനയുടെ ചെവി

കൊച്ചുറോസ കിക്കിലുക്കം, കിലുകിലുക്കം, ഉത്തരത്തിൽ ചത്തിരിക്കും

കൊച്ചുതോമ : പല്ലി

പിൻപുറത്ത് മുട്ടവിളക്കിന്റെ വെളിച്ചത്തിൽ ചമ്മന്തി അരയ്ക്കുന്ന കൊച്ചന്നാമ്മയെ തുറന്നുകിടന്നിരുന്ന അടുക്കള വാതിലിലൂടെ കൊച്ചുവർക്കി കണ്ടു. വീണയുടെ രാഗൈക്യത്തിലെന്നപോലെനിന്നു ചലിക്കുന്ന തന്റെ കൊച്ചന്നാമ്മയുടെ നിതംബം കൊച്ചുവർക്കിയെ അസ്വസ്തനാക്കി. അപ്പോഴേക്കും പുറത്ത് മഴ താണ്ഡവമാടാൻ തുടങ്ങിയിരുന്നു. കേടുപാടുകൾ നീക്കിക്കൊണ്ടിരുന്ന കുത്തുവല മതിലിൽ ചാരി വച്ചിട്ട് പ്രേമാസക്തനായ കൊച്ചുവർക്കി പ്രിയതമയുടെ പിന്നിൽചെന്നു ത്രസിക്കുന്ന അവളുടെ നിതംബം കൈവലയത്തിലാക്കി. കൊച്ചന്നാമ്മ ദേഷ്യം അഭിനയിച്ച് ''അല്ലാ പെര മേയാൻ പോയിട്ട് മേലു കഴുകാനും, കൊന്ത എത്തിക്കാനും കൂട്ടാക്കാതെ വല നന്നാക്കാൻ കേറിയ ആൾ ഇപ്പോൾ എന്തിനുള്ള പുറപ്പാടാണ്?''

കൊച്ചുവർക്കി, ''കോരിച്ചൊരിയുന്ന മഴയും കുളിരുമുള്ള ഈ സന്ധ്യയിൽ നിന്ന് ത്രസിക്കുന്ന എന്റെ സുന്ദരിക്കുട്ടിയെ കാണുമ്പോൾ എങ്ങനെയാ ഇരുന്ന് വലയുണ്ടാക്കുന്നത് വല ഇനി നാളെ നന്നാക്കാം''.

കൊച്ചുവർക്കിയുടെ കൈകൾ അവളുടെ നിതംബത്തിൽനിന്നു സാവധാനം മുകളിലേക്ക് കയറിക്കൊണ്ടിരുന്നു.

''വിട്ടേച്ചു പോയി കുളിക്കു മനുഷ്യാ, അല്ലേൽ ഞാനീ മുളകരച്ചത് അതേലങ്ങു തേക്കും''

കൊച്ചുവർക്കി: തേയ്ക്കു മോളെ, തേയ്ക്ക്. അതിന്റെ സുഖം എന്റെ മോൾക്കും അനുഭവിക്കാമല്ലോ.

## 11

അപ്പോഴേക്കും ഉമ്മറത്ത് കടംകഥ പറച്ചിൽ ഉച്ചത്തിലും വാശിയിലുമായിക്കഴിഞ്ഞിരുന്നു.

| | |
|---|---|
| കൊച്ചുറോസ:: | പൂപോലെ വെട്ടത്ത്, പൂക്കണ്ണിപാടത്ത് വന്നിറങ്ങി തിന്നു പോണ മൃഗത്തിന്റെ പേര്? |
| കൊച്ചുതോമ: | അങ്ങനെ ഒരു മൃഗമില്ല. നീ ഉണ്ടാക്കി പറയുന്നതാ. |
| കൊച്ചുറോസ: | ഉണ്ടിച്ചായാ, ഉണ്ട്. ഇന്ന് ഞങ്ങളുടെ കാർത്ത്യായനി ടീച്ചർ ക്ലാസ്സിൽ പറഞ്ഞതാ |
| കൊച്ചുതോമ: | എന്നാൽ ഉത്തരം നീതന്നെ പറ |
| കൊച്ചുറോസ: | തോറ്റെന്നു സമ്മതിച്ചോ? |

കൊച്ചുതോമ: മനസ്സില്ലാ മനസ്സോടെ: ഉം

കൊച്ചുറോസ: കാണ്ടാമൃഗം

കൊച്ചുതോമ: പോടി പെണ്ണേ, എന്നെ പറ്റിക്കണ്ട. അങ്ങനെ ഒരു മൃഗമില്ല

കൊച്ചുറോസ: ഉണ്ട്, ഉണ്ട്, ഉണ്ട്. നല്ല നിലാവുള്ള രാത്രികളിൽ കാർത്ത്യായനി ടീച്ചർ പല പ്രാവശ്യം കണ്ടിട്ടുണ്ട്. ഒരിക്കൽ ഞങ്ങളെ കാട്ടിത്തരാമെന്നേറ്റിരിക്കുവാ. എല്ലാവരും ഉറങ്ങി കഴിയുമ്പോഴാ അവറ്റ കൂട്ടംകൂട്ടമായിവന്നു തിന്നിട്ടുപോകുന്നത്.

കൊച്ചുതോമ അല്പം മടിച്ചു നിന്നിട്ട്: എന്നാ നീ ഇതിന്റെ ഉത്തരം പറ. ‘കൊണ്ടാടും, കൊടുമുടിയാടും കോണാനഴിക്കുമ്പോൾ അതു കിടന്നാടും.

കൊച്ചുറോസ ഉച്ചത്തിൽ: അമ്മച്ചീ, അമ്മച്ചീ, ഈ തോമാച്ചയൻ തെറിപറയുന്നമ്മച്ചീ.

അപ്പോഴേക്കും കൊച്ചുവർക്കിയുടെ കരങ്ങൾ കൊച്ചന്നാമ്മയുടെ ചട്ടയുടെ അടിയിൽക്കൂടി എത്തേണ്ട സ്ഥലത്തെത്തിയിരുന്നു.
കൊച്ചന്നാമ്മ താഴ്ന്ന സ്വരത്തിൽ: തന്ത ഇവിടെ തെറി കാണിക്കുന്നു. മോൻ ഉമ്മറത്തിരുന്നു തെറി പറയുന്നു. വിട്ടേച്ചു പോ മനുഷ്യാ, ഇതിയാന്റെ വെറി അയർപക്കത്തുള്ളവർ കാണും. ഈ മനുഷ്യനു നാണമില്ലെങ്കിൽ എന്നാ ചെയ്യാനാ?

കൊച്ചുവർക്കി അതേ സ്വരത്തിൽ: ഞാനെന്തിനാ മോളെ നാണിക്കുകയും പേടിക്കുകയും ചെയ്യുന്നത്. നിന്റപ്പച്ചനും അമ്മച്ചിയും, എന്റെ അപ്പച്ചനും അമ്മച്ചിയും, പിന്നെ പള്ളീലച്ചനും ഒപ്പിട്ട ലൈസൻസല്ലെ എന്റെ കയ്യിലിരിക്കുന്നത്. പിന്നെ ആര് കണ്ടാലെന്താ. കൊച്ചന്നാമ്മ ഉമ്മറത്തേക്ക് തിരിഞ്ഞ് ഉച്ചത്തിൽ ദേഷ്യപ്പെട്ടുകൊണ്ട്: എന്നാ തെറിയാടാ നീ എന്റെ മോളെ പറഞ്ഞുകേൾപ്പിക്കുന്നത്?



കൊച്ചുതോമ: തെറിയല്ലമ്മച്ചി, തെറിയല്ല. ഇന്നു നാരായണൻകുട്ടിസാർ ഇല്ലാഞ്ഞതുകൊണ്ട് തുളസി ടീച്ചർ ഉന്താൻ വന്നപ്പോൾ പറഞ്ഞ കടംകഥയാ അമ്മച്ചീ.
കൊച്ചുറോസ: എന്നാ ഇച്ചായൻതന്നെ പറ അതിന്റെ ഉത്തരം

കൊച്ചുതോമ: നീ തോറ്റെന്നു പറ

കൊച്ചുറോസ: ഉം

കൊച്ചുതോമ: അടക്കാമരത്തിന്റെ പൂങ്കുല

മുളക് ചമ്മന്തി അരച്ചത് വടിച്ച് കിണ്ണത്തിലാക്കി, ഒരു തരത്തിൽ കൊച്ചു വർക്കിയുടെ കരങ്ങൾ വിടർത്തി കൊച്ചന്നാമ്മ അടുക്കളയിലേക്ക് കയറി. പോകുംവഴി തന്റെ പ്രിയതമന്റെ കാതുകളിൽ അവൾ മന്ത്രിച്ചു. ‘‘തിണ്ണയിൽ വലിയ ചെമ്പിൽ വെള്ളം ചൂടാക്കി വച്ചിട്ടുണ്ട്. പോയി നന്നായി കുളിച്ച് നല്ല കുഞ്ഞായിട്ട് വാ. വെള്ളം മുഴുവനും തീർക്കല്ലെ. മക്കൾക്ക് അത്താഴം കൊടു ത്തിട്ട് ഞാനും മേലു കഴുകിവരാം. അതുവരെ ഒന്നടങ്ങ് കെളവാ’’.

അനുസരണയുള്ള കുട്ടിയെപ്പോലെ കൊച്ചുവർക്കി ഇളംതിണ്ണയിലേക്ക് പോയി. കുളിച്ചു വൃത്തിയായി, അലക്കി ഉണക്കിയ മുണ്ടുടുത്ത് അടുക്കള പല കയിൽ ഇരുന്നു നല്ല ചൂടുള്ള കപ്പ, മുളകു ചമ്മന്തിയുംകൂട്ടി വയറു നിറയെ കഴിച്ചു. അപ്പോഴേക്കും കൊച്ചന്നാമ്മയും മേലു കഴുകി ചട്ടയും മാറി തയ്യാർ.

പുറത്ത് മഴ തോരാതെ ശക്തിയായി പെയ്തുകൊണ്ടിരുന്നു. വീശി അടിക്കുന്ന കാറ്റും, ഞടുക്കുന്ന ഇടിമിന്നലും, പുറത്ത് ഭീകരാന്തരീക്ഷം സൃഷ്ടിച്ചു. ഭയചികിതയായ കൊച്ചന്നാമ്മ കൊച്ചുവർക്കിയുടെ കരവലയ ത്തിൽ അഭയംതേടി. ആ രാത്രി കൊച്ചുവർക്കിയും കൊച്ചന്നാമ്മയും അവ രുടെ സ്നേഹം ആവോളം പങ്കുവച്ച് ആസ്വദിച്ചു.

പിറ്റേന്നു രാവിലെ പതിവിലും ഏറെ താമസിച്ചാണ് അവർ ഉണർന്നത്. കൊച്ചന്നാമ്മ ധൃതിയിൽ പ്രാതൽ ഒരുക്കി കുട്ടികൾക്ക് കൊടുത്തു അവരെ പള്ളിക്കൂടത്തിലേക്കയ്ക്കാൻ ഒരുങ്ങി. കൊച്ചുവർക്കി തന്റെ ആയുധപുരയി ലേക്കും. വൈകുന്നേരത്തിന് മുൻപ് വീശുവലയും, കുത്തുവലയും കൂടും കേടുപാടുകൾ തീർത്തെടുക്കണം.

കൊച്ചുവർക്കി മനസ്സിൽ ഓർത്തു, ‘‘കൊച്ചുതോമ വളർന്ന് വലിയ പയ്യ നായിരിക്കുന്നു. ഞാൻ ചെയ്യുന്ന ജോലികൾ എല്ലാംതന്നെ ചെയ്യാനുള്ള കഴിവ് അവനിപ്പോൾ ഉണ്ട്. കൂടു നന്നാക്കികൊടുത്താൽ അത് നടുത്തോ ട്ടിൽവച്ച് അവൻ കുറുവ, പരൽ പിടിച്ചോളും’’.

ഊത്ത പിടിക്കലിന്റെ ആവേശത്തിലാണ് കൊച്ചുതോമ ഉണർന്നത്. രാവിലെയുള്ള കുളിക്കുപോലും കൂട്ടാക്കാതെ, പിൻപുറത്തെ ചാർത്തിന്റെ കഴുക്കോലിൽ

കെട്ടിതൂക്കിയിരുന്ന കൂടുള്ള ചിമ്മണി വിളക്കഴിച്ചെടുത്ത് ചിമ്മിണി സോപ്പിട്ട് കഴുകി തോർത്തുകൊണ്ട് തുടച്ചു വൃത്തിയാക്കി, പുതിയ തിരിയിട്ട് മണ്ണെണ്ണ നിറച്ച് റെഡിയാക്കിവച്ചു. കൊച്ചു റോസ കൊച്ചുതോമ ചെയ്യുന്നതെല്ലാം കൗതുകപൂർവ്വം നോക്കിനിന്നു. അവൾക്കും ആങ്ങളയുടെയും അപ്പച്ചന്റെയും കൂടെ ഊത്ത പിടിക്കുവാൻ പോകണമെന്ന് വലിയ ആഗ്രഹമുണ്ടായിരുന്നു. അവളുടെ കൂട്ടുകാരി കൊച്ചുകാളി, അച്ചൻ ചാത്തൻ പുലയന്റെകൂടെ റാന്തൽ വിളക്കുമായി ഊത്ത പിടിക്കാൻ പോകുന്നത് അവൾ കണ്ടിട്ടുണ്ട്. പക്ഷെ അവൾക്കറിയാം അപ്പച്ചൻ അവളെ കൊണ്ടുപോകില്ലെന്ന്. അഥവാ അപ്പച്ചൻ സമ്മതിച്ചാൽപോലും അമ്മച്ചി വിടില്ല.

സ്ലേറ്റും പെൻസിലുമെടുത്ത് സ്കൂളിലേക്ക് പോകാനിറങ്ങുന്നതിനു മുൻപ് ഒന്നുകൂടി കൊച്ചുവർക്കിയെക്കൊണ്ട് ശപഥം ചെയ്യിച്ചിട്ടാണ് കൊച്ചു തോമ പോയത്. അവൻ തിരിച്ചു വരുന്നതിനുമുൻപ് ഊത്ത പിടിക്കാൻ പോകില്ലെന്ന്.

ഉച്ചയായപ്പോഴേക്കും വലയുടെയും കൂടിന്റെയും മിനക്കുപണികൾ തീർത്ത് നേരത്തെ ഉച്ചഭക്ഷണം കഴിച്ചു തലേ രാത്രിയിലെ ഉറക്കമൊഴിച്ചിലിന്റെ ക്ഷീണം തീർക്കുന്നതിനും വരാനിരിക്കുന്ന രാത്രിയിലെ ഉറക്കമൊഴിച്ചിൽ മുന്നിൽ കണ്ടും കൊച്ചുവർക്കി പതിവില്ലാത്ത ഒരു ഉച്ച ഉറക്കത്തിനൊരുങ്ങി.

പുറത്ത് മഴ ശക്തിയായി പെയ്തുകൊണ്ടിരുന്നു. ഇടിവെട്ടും കൊള്ളി യാൻമിന്നലും ഒന്നും അവൻ അറിഞ്ഞില്ല.

നാലു മണിയായപ്പോഴേക്കും കൊച്ചുതോമയും കൊച്ചുറോസയും തിരികെ എത്തി. ഉറങ്ങി കിടന്നിരുന്ന കൊച്ചുവർക്കിയെ കുലുക്കി ഉണർത്തി.

കൊച്ചുതോമ: അപ്പച്ച – കണ്ടത്തിലും വരമ്പേലും മൊക്കെ ആളുകൾ വലയും, കൂടും, ഒറ്റലുമായി എത്തിക്കഴിഞ്ഞു. എഴുന്നേൽക്കു നമുക്കും പോകാം അപ്പ ച്ച.

കൊച്ചുവർക്കി: അവര് ആഴം കുറഞ്ഞ സ്ഥലങ്ങളിലെ പോകൂ. ഉമവിഴുങ്ങി കയത്തിന്റെ അടുത്തെങ്ങും പോകാൻ അവർക്ക് ധൈര്യമുണ്ടാവില്ല. അവി ടെയാ വലിയ മീനുകൾ വന്നു ചാടുന്നത്. അതു നമുക്കുള്ളതാ.

രണ്ടുപേരും തൊപ്പിക്കുട തലയിൽ ചൂടി, വലയും റാന്തൽ വിളക്കുമായി പാടത്തേക്കിറങ്ങി. അപ്പോഴേക്കും ആ ഗ്രാമത്തിലെ മുതിർന്നവരും കുട്ടികളും ഒന്നടങ്കം ഊത്ത പിടിക്കാനിറങ്ങിക്കഴിഞ്ഞിരുന്നു.

കൊച്ചുവർക്കിക്കും കൊച്ചു തോമാക്കും നേരെ ഊമ വിഴുങ്ങി കയത്തി നരികിലേക്കാണ് പോയത്. മുകളിൽ ഉണ്ടായിരുന്ന പാറയിൽതട്ടി വലിയ മീനുകൾ ചാടുന്നതു കണ്ടപ്പോൾ കൊച്ചു തോമക്ക് ആവേശം കൂടി.



കൊച്ചുതോമ: അപ്പച്ചാ അതു കണ്ടോ. നല്ല വലിപ്പമുള്ള മീനുകളാ ചാടുന്നത്. വാളയും, തൂളിയും, ചെമ്പല്ലിയും കൂരിയും കാരിയും ഒക്കെ ഉണ്ടെന്നാ തോന്നുന്നത്. ഇന്നു നമുക്ക് കുടം നിറച്ച് മീൻ കിട്ടും അപ്പച്ചാ. പാറക്ക് അൽപം മുകളിലായി കുത്തുവല ഉറപ്പിച്ച് അതിൽ വീണ മീനുകളെ കൊച്ചു തോമ പിടിച്ചു കുടങ്ങളിലാക്കി. മഴയുടെ ശക്തി പിന്നെയും കൂടിക്കൊണ്ടിരുന്നു. തോടിന്റെ ഇരുകരകളും കവിഞ്ഞ് വെള്ളം ഒഴുകിക്കൊണ്ടിരുന്നു. കൊച്ചുതോമ വീതി കുറഞ്ഞ നടുതോട്ടിൽ കൂട ഉറപ്പിച്ചു. തോട്ടിൽ കരയിൽനിന്നും പരലുകൾ കൂടയിൽ വീഴുന്നതു കണ്ട് ആഹ്ലാദിച്ചു. കണ്ടത്തിൽ വീണ പരലുകളെ അവൻ കോരുവലകൊണ്ട് കോരിപിടിച്ച് കുടത്തിൽ ആക്കിക്കൊണ്ടിരുന്നു. കൊച്ചുവർക്കി ഊമവിഴുങ്ങി കയത്തിന് മുകളിലായി പാറക്കെട്ടിനു താഴെ വട്ടമുള്ള കുത്തുവല ഉറപ്പിച്ചു മുളംകമ്പ് കൊണ്ട് വലയുടെ മുഗൾവശം കുത്തിപ്പൊക്കി നിർത്തി. ചെറുമീനുകളാണ് വന്നു വീണുകൊണ്ടിരുന്നത്. ഇടത്തരം വലിപ്പമുള്ള ഒരു വാള മാത്രമാണ് ആ വലയിൽ കുടുങ്ങിയ ഏറ്റവും വലിയ മീൻ. മീൻ പിടിക്കുന്നതിന്റെ ആവേശത്തിൽ സമയം പോകുന്നത് രണ്ടുപേരും അറിഞ്ഞില്ല. കൊച്ചുതോമയ്ക്ക് ഒരു കുടം നിറയെ പരൽമീനുകൾ കിട്ടി. വലിയ മീനുകൾ ഒന്നും കൂടയിൽ വീഴാതിരുന്നത് അവനെ തെല്ല് നിരാശ്ശനാക്കി. ഇരുട്ടിയപ്പോൾ അവൻ റാന്തൽ വിളക്ക് കത്തിച്ച് കൊച്ചുവർക്കിക്ക് വെളിച്ചം കാണിക്കാൻ ഊമ വിഴുങ്ങി കയത്തിന്റെ വക്കിലെത്തി റാന്തൽ വിളക്കു പൊക്കിപിടിച്ച് കൊച്ചുവർക്കിക്ക് വെളിച്ചം കാണിച്ചുകൊടുത്തു. കൊച്ചുവർക്കി വലിയ മീനുകൾ വീഴുമെന്ന പ്രതീക്ഷയിൽ ക്ഷമയോടെ കാത്തിരുന്നു. പാറയിൽതട്ടി വെള്ളിപോലെ തിളങ്ങുന്ന ചിതമ്പലുള്ള ഒരു വലിയ മീൻ കുത്തുവലയിൽ വീണു. അത് തെന്നി പുറത്തു പോകുന്നതിന് മുൻപ് കൊച്ചുവർക്കി അതിനെ വലകൂട്ടി ചേർത്ത് പിടിച്ചു പല്ലുകൊണ്ട് കടിച്ചമർത്തി കൊന്ന് പാണലിന്റെ കോർമ്പയിൽ കോർത്തു. അതൊരു സുന്ദരൻ കാളാഞ്ചിയായിരുന്നു. പിന്നെ കുറച്ചു നേരത്തേക്ക് ഒന്നും സംഭവിച്ചില്ല. സമയം ഏറെ കഴിഞ്ഞിരുന്നു. നിരാശനായി തിരികെ പോയാലോ എന്ന്

വിചാരിച്ചപ്പോൾ അതാ ഒരു വലിയ മീൻ വലയിൽ വീണു. റാന്തൽ വിളക്കിന്റെ വെളിച്ചത്തിൻ എന്ത് മീനാണെന്ന് അവന് മനസ്സിലായില്ല. വല വലിച്ചു നോക്കിയപ്പോൾ വലിയ ഏതോ മീൻ വലയിൽ വീണെന്ന് കൊച്ചുവർക്കി നിരൂപിച്ചു. വല കൂട്ടിപിടിച്ച് അതിനെ പൊക്കിയെടുത്ത് വിളക്കിന്റെ വെളിച്ചത്തിൽ പിടിച്ചു നോക്കി.

അതൊരു മുർഖൻ പാമ്പായിരുന്നു. വലയിൽ കുടുങ്ങിയ വെപ്രാളത്തിൽ മൂർഖൻ പത്തി വിടർത്തി കൊത്തി. കൊച്ചുവർക്കിയുടെ നെറ്റിയുടെ നടുവിലാണ് കൊത്ത് കൊണ്ടത്.

15

കടിച്ച പാമ്പിനെ തിരിച്ചു കടിച്ചാൽ വിഷം പാമ്പിലേക്കുതന്നെ പോകുമെന്ന് കൊച്ചുവർക്കി പറഞ്ഞു കേട്ടിരുന്നു. പാമ്പു രക്ഷപ്പെടാൻ വയ്യാത്ത വിധത്തിൽ വലയിൽ കുടുങ്ങിയിരുന്നു. കൊച്ചുവർക്കി അതിനെ വലയോട് കൂട്ടിപിടിച്ച് തലമുതൽ വാലുവരെ കടിച്ചു. കടിയേറ്റ് ചത്തരഞ്ഞ പാമ്പിന്റെ ഉടലും കയ്യിൽപിടിച്ച് കൊച്ചുവർക്കി പുറകോട്ട് മലർന്നടിച്ച് വീണു. പാമ്പിന്റെ അരഞ്ഞ ഉടലും കയ്യിൽ പിടിച്ച് മരണം കൊത്തിപ്പറിച്ചെടുത്ത് ചേതനയറ്റ തന്റെ പിതാവിന്റെ ജഡം കണ്ട് വിശ്വസിക്കാനാവാതെ കൊച്ചുതോമ ഉച്ചത്തിൽ അലറി വിളിച്ചു.

അപ്പച്ചാ ാ.... ച്ഛാ.....ാ ാ

ഹൃദയം പൊട്ടിയുള്ള ആ വിളി ഗ്രാമത്തിലെങ്ങും മാറ്റൊലി കൊണ്ടു.

അപ്പച്ചാ ാ.... ച്ഛാ.....ാ ാ

ഇടവപ്പാതിയുടെ ആരംഭത്തിൽ വേഴാമ്പൽ പൊയ്കയിൽ ഊത്തപിടിക്കുവാൻ പോയിരുന്നവർ കൊച്ചുതോമ ഹൃദയം പൊട്ടി അവന്റെ അപ്പച്ഛനെ വിളിക്കുന്നത് കൊല്ലങ്ങൾ കഴിഞ്ഞിട്ടും കേട്ടിരുന്നുപോലും.

അപ്പച്ചാ ാ.... ച്ഛാ.....ാ ാ

...............

സ്റ്റീഫൻ നടുക്കുടിയിൽ
407–830–6717
nmstephen@hotmail.com